# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 492

## 02.12.2014 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ട് വിനിയോഗം

| | ചോദ്യം.<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സംസ്ഥാനത്ത് ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവർത്തികൾക്കായി നാളിതുവരെ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | ആസ്തി വികസന പദ്ധതി നിലവിൽ വന്നതിനുശേഷം വിവിധ നിയോജക മണ്ഡലങ്ങളിലായി 2012-13 സാമ്പത്തിക വർഷത്തിൽ 68373.70 ലക്ഷം രൂപ അടങ്കൽ വരുന്ന 875 പ്രവൃത്തികളും,2013-2014 വർഷത്തിൽ 53960.50 ലക്ഷം രൂപ അടങ്കൽ വരുന്ന 1064 പ്രവൃത്തികളും 2014-15 വർഷത്തിൽ 4629.26 ലക്ഷം അടങ്കൽ വരുന്ന 82 പ്രവൃത്തികളും നടപ്പിലാക്കുവാൻ ധനവകുപ്പിൽ നിന്നും അനുമതി നൽകുകയുണ്ടായി. |
| (ബി) | എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിയ്ക്കാൻ ജില്ലാ കളക്ടർക്ക് അധികാരം നൽകിയിരിക്കുന്നതുപോലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തികൾക്കും ഫണ്ട് വിനിയോഗിയ്ക്കാൻ കളക്ടമാർക്ക് അധികാരം നൽകാൻ ഉതകും വിധം നിലവിലുള്ള നിബന്ധനകൾ പരിഷ്കരിച്ച് ഉത്തരവിറക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | 11.6.2012 ലെ GO(P)No.332/2012/Fin ഉത്തരവിലെ മാർഗ്ഗരേഖകൾക്ക് വിധേയമായാണ് LAC ADS-നു കീഴിൽ നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾ നടപ്പാക്കേണ്ടത്. അസറ്റ് ഡവലപ്മെന്റ് ഉപയോഗിച്ചുള്ള പ്രവൃത്തികൾ താരതമ്യേന ഉയർന്ന എസ്റ്റിമേറ്റ് തുകയുള്ളവയാണ്. അത്തരം പ്രവൃത്തികൾക്ക് ഉയർന്ന തലത്തിലുള്ള പരിശോധനയും അംഗീകാരവും ആവശ്യമാണ്. എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെകാര്യത്തിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ ആസ്തി വികസന ഫണ്ടിനു ബാധകമാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | അപ്രകാരം പരിഷ്കരിച്ച രീതിയിൽ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുമോ ? | |

സെക്ഷൻ ഓഫീസർ